**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം മണ്ഡലത്തിലെ ഇടമലക്കുടി, ചട്ടമൂന്നാർ എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവയിൽ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ദേവികുളം മണ്ഡലത്തിലെ ഇടമലക്കുടി, ചട്ടമൂന്നാർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ.ഉ. (എം.എസ്) നം.424/2013/ആ.കു.വ തീയതി 24.10.2013 പ്രകാരം ഡോക്ടർമാർ ഉൾപ്പെടെ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ – 2 സ്റ്റാഫ് നേഴ്സ് - 2 ഫാർമസിസ്റ്റ് - 2 നേഴ്സിംഗ് അസിസ്റ്റന്റ് - 2 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II - 2 എൽ.ഡി.ക്ലാർക്ക് - 2 പ്യൂൺ – 2 പാർട്ട് ടൈം സ്വീപ്പർ – 2 ഈ തസ്തികകളിൽ നിയമനം നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച വരുന്നു. കൂടാതെ സ.ഉ. (കൈ) 93/2020/ആ.കു.വ തീയതി 22.6.2020 പ്രകാരം 2 അസിസ്റ്റന്റ് സർജൻ തസ്തികകൾ ഇടമലക്കുടി പി.എച്ച്.സി യിൽ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളിൽ അസിസ്റ്റന്റ് സർജന്മാരെ നിയമിച്ചിട്ടുണ്ടെങ്കിലും ഇതു വരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിലവിൽ ഇടമലക്കുടിയിൽ അഡ്ഹോക് മുഖേന ഒരു ഡോക്ടറെയും എൻ.എച്ച്.എം മുഖേന 6 സ്റ്റാഫ് നഴ്സമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ജെ .എച്ച്.ഐ മാർക്കും ഒരു ജെ.പി.എച്ച്.എൻ.നും ഇടമലക്കുടിയുടെ ഫീൽഡ് പ്രവർത്തനത്തിൻറെ ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിനെ സഹായിക്കാനായി 13 ഹാംലറ്റ് ആശമാരെയും നിയമിച്ചിട്ടുണ്ട്. ഇടമലക്കുടി പഞ്ചായത്ത് മുഖേന പാലിയേറ്റീവ് സ്റ്റാഫ് നേഴ്സിനെ നിയമിച്ചിട്ടുള്ളതും ഇവർ പാലിയേറ്റീവ് രോഗികൾക്കുള്ള ഗൃഹപരിചരണം നൽകി വരുകയും ചെയ്യുന്നുണ്ട്. ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഒരുക്കിയിട്ടുള്ളതിനാൽ ആയത് പ്രവർത്തന സജ്ജമാക്കുന്നതിനായി സ.ഉ.(എം.എസ്) |

| | | | |
|---|---|---|---|
| | | | നം.424/2013/ആ.കു.വ തീയതി 24.10.2013 പ്രകാരം സൃഷ്ടിച്ചിട്ടുള്ള 8 വീതം മൊത്തം 16 തസ്തികകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഇടമലക്കുടി പ്രാഥമികാരോഗ്യ കേന്ദ്രത്തിനായി വനം വകുപ്പിൽ നിന്നും ലഭ്യമായ ഒരു ഹെക്ടർ ഭൂമിയിൽ 2019-ൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനായി സൊസൈറ്റിക്കുടിയിൽ ആശുപത്രി കെട്ടിടം പഞ്ചായത്തും, എൻ.എച്ച്.എം കൂടി പണിയുകയും, 2020-ൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് ഉൾപ്പെടെ അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് പ്രൊജക്റ്റ് വഴി 13,01,309/-രൂപ മുടക്കി SIDCO, KELTRON -ൽ നിന്നും പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മൂന്നാർ ടൗണിൽ നിന്നും 30 കി.മീ അകലെയുള്ള തലയാർ എന്ന സ്ഥലത്താണ് ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. നിലവിലുണ്ടായിരുന്ന തലയാർ സബ് സെന്റർ കെട്ടിടം മൂന്നാർ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം ചട്ടമൂന്നാറിനായി അനുവദിച്ചു. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള കെട്ടിടത്തിന് സമീപമുള്ള വായനശാല കെട്ടിടത്തിന്റെ ഒരു ഭാഗം താൽക്കാലികമായി വിട്ടു നൽകിയിട്ടുണ്ട്. ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ സാധന സാമഗ്രികൾക്ക് ഉള്ള തുകയായ 3,53,025/-രൂപ മൂന്നാർ ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് അനുവദിക്കുകയും, SIDCO, KELTRON എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ